“തനിക്ക് തൻകുഞ്ഞ് തങ്കമാണെങ്കിലും
താറാവിൻ കുഞ്ഞ് താറാവ് തന്നെ നിത്യം.”

തൻെറതെന്നു കരുതി ഒന്നിനെയും അനർഹമായ സ്ഥാനത്ത് കയറ്റി വെക്കരുത്. താൻ പറഞ്ഞ കാര്യമാണെന്നു കരുതി അതെല്ലാവരുടെതിനെക്കാളും ശരിയും എല്ലാവരും അംഗീകരിക്കേണ്ടതുമാണെന്ന് കരുതരുത്. എല്ലാവരും ഈ ധാരണ വെച്ചുപുലർത്തിയാൽ അവ പരസ്പരം ഏറ്റുമുട്ടും.

ഒന്നിനെയും അത് അർഹിക്കുന്നതിനെക്കാൾ ഉന്നതിയിൽ പ്രതിഷ്ഠിക്കരുത്. അത് ഇച്ഛാഭംഗത്തിനിടയാക്കും.

കാര്യങ്ങൾ പറയുന്നതിലും ഉൾക്കൊള്ളുന്നതിലും പ്രതിപക്ഷബഹുമാനം വലിയ ഗുണമാകുന്നു. സഹിഷ്ണുതയും വിട്ടുവീഴ്ചയും ഏറെ ആവശ്യമായ മേഖലയാണ് പ്രതിപക്ഷബഹുമാനം. മനുഷ്യർ പാലിക്കേണ്ട ഗുണമായാണ് അത് കണക്കാക്കപ്പെടുന്നത്.

തന്നെപ്പോലെതന്നെ എല്ലാവർക്കും അവനവൻെറതായ വികാരവും പ്രതീക്ഷയും ഓരോ കാര്യത്തിലും ഉണ്ടെന്നും അവരെ സംബന്ധിച്ചിടത്തോളം അത് അമൂല്യമാണെന്നും നാം മനസ്സിലാക്കുക. ഈ മനോധർമം നഷ്ടപ്പെട്ടതുകൊണ്ടാണ് അഭിപ്രായസംഘടനവും തുടർന്ന് ശാരീരികസംഘട്ടനവും ഉണ്ടാകുന്നത്. അത് മൃഗലോകത്തിൻെറ ചിത്രം നമ്മെ ഓർമപ്പെടുത്തും.

തൻെറ അഭിപ്രായവും മറ്റു സംഗതികളും തൻെറ തന്നെ അധ്വാനത്തിൻെറ ഭാഗമാണെങ്കിലും മൊത്തം സമൂഹത്തിൻെറതുമായി തുലനം ചെയ്യുമ്പോൾ അതിൻെറ മാറ്റ് കുറഞ്ഞെന്നു വരാം. എന്നു കരുതി അതിനെക്കാൾ നല്ലതിനെ അംഗീകരിക്കാൻ സന്മനസ്സ് കാണിക്കുക തന്നെ വേണം.

കാര്യങ്ങളെ കാണുന്നതിലും ഉൾക്കൊള്ളുന്നതിലും മനസ്സ് വലുതാകണം. സ്വന്തമെന്ന തുരുത്തിൽ നാം ഒതുങ്ങിക്കൂടരുത്. അത് നമ്മുടെ മനസ്സിനെ ചെറുതാക്കുകയും സമൂഹത്തിൽനിന്ന് അകറ്റുകയും ചെയ്യും. ബുദ്ധിപരമായ വളർച്ചയെ അത് തടസ്സപ്പെടുത്തും. സത്യം അംഗീകരിക്കുന്നതിൽനിന്ന് മനസ്സിനെ അത് തടയും. അതോ, നമ്മെ സമൂഹം അവഗണിക്കുന്നതിൽ കലാശിക്കും.

കാര്യം നമ്മുടെതാവാം. അത് ഉപകരിക്കുന്നതുമാകാം. പക്ഷേ, അതിനെക്കാൾ നല്ലത് വേറെയും ഉണ്ടാകാമല്ലോ. അത്തരം ഒന്ന് ശ്രദ്ധയിൽ പെട്ടാൽ അതിനെ അംഗീകരിക്കാൻ മനസ്സ് കാണിക്കണം. അതാണ് ബുദ്ധിയുടെ തേട്ടം.